**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1693** **16-10-2026-ൽ മറുപടിയ്ക്ക്**

**ആറ്റിങ്ങൽ കച്ചേരിനടയിൽ സൂപ്പർഫാസ്റ്റ് ബസ്സുകൾക്ക് സ്റ്റോപ്പ്**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീമതി ഒ. എസ്. അംബിക

ശ്രീ. സി. പി. ജോൺ
(ഗതാഗത വകുപ്പ് മന്ത്രി)

**(എ)** ആറ്റിങ്ങൽ കച്ചേരിനടയും കെ.എസ്.ആർ.ടി.സി. ബസ്സ്റ്റാന്റും ഐഡന്റിക്കൽ ഫെയർ സ്റ്റേജുകൾ ആക്കി മാറ്റണമെന്നും കച്ചേരിനടയിൽ സൂപ്പർഫാസ്റ്റ് ബസ്സുകൾക്ക് സ്റ്റോപ്പ് അനുവദിക്കണമെന്നുമുള്ള നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

**മറുപടി:** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആറ്റിങ്ങൽ കച്ചേരിനടയും കെ.എസ്.ആർ.ടി.സി. ബസ്സ്റ്റാന്റും ഐഡന്റിക്കൽ ഫെയർ സ്റ്റേജുകൾ ആക്കി മാറ്റണമെന്നും കച്ചേരിനടയിൽ സൂപ്പർഫാസ്റ്റ് ബസ്സുകൾക്ക് സ്റ്റോപ്പ് അനുവദിക്കണമെന്നുമുള്ള നിവേദനത്തിന്മേൽ യൂണിറ്റ്തലത്തിൽ സാധ്യതാപഠനം നടത്തിയിട്ടുണ്ട്. എന്നാൽ ടി രണ്ട് സ്ഥലങ്ങളും ഐഡന്റിക്കൽ ഫെയർ സ്റ്റേജ് ആക്കണമെന്ന ആവശ്യം കെ.എസ്.ആർ.ടി.സി.യ്ക്ക് വരുമാന നഷ്ടവും ദീർഘദൂര പൊതുയാത്രക്കാർക്ക് അസൗകര്യവും ഉണ്ടാക്കുമെന്നതിനാൽ പരിഗണിക്കുവാൻ നിർവ്വാഹമില്ല. ആറ്റിങ്ങൽ കച്ചേരിനടയിൽ യാത്രക്കാരുടെ സൗകര്യാർത്ഥം സൂപ്പർഫാസ്റ്റ് വരെയുള്ള ബസ്സുകൾക്ക് റിക്വസ്റ്റ് സ്റ്റോപ്പ് അനുവദിച്ച് നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**